പത്താം പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വർഷമായ 2002-2003-ൽ മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാൻഡേർഡ്സ് ലാബോറട്ടറിയുടെ നവീകരണത്തിനായി വകയിരുത്തിയിരുന്ന 25 ലക്ഷം രൂപയിൽ 1,72,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

എനർജി മാനേജ്മെന്റ് സെന്ററിന് പത്താം പഞ്ചവത്സര പദ്ധതിയിൽ മൊത്തം 425 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ ഒന്നാം വർഷ പദ്ധതികൾക്കായി വകയിരുത്തിയ 75 ലക്ഷം രൂപയിൽ 65 ലക്ഷം രൂപ സർക്കാർ അനുവദിക്കുകയും പദ്ധതികൾ പൂർത്തിയാക്കുന്നതിനായി 61 ലക്ഷം രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) 1101- 35 എം. ഡബ്ല്യു.

(എഫ്) ഇല്ല.

പ്രസരണ നഷ്ടം

3 (4611) ശ്രീ. മങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കഴിഞ്ഞ 5 വർഷക്കാലത്ത് വൈദ്യുതി മേഖലയിൽ ഓരോ വർഷവുമുണ്ടായ പ്രസരണ നഷ്ടം എത്ര ശതമാനം വീതമാണെന്നു വ്യക്തമാക്കുമോ ?

ഉത്തരം

2000-2001-നും അതിനു മുമ്പും പ്രസരണ വിതരണ നഷ്ടം കാണിച്ചത് എൽ. റ്റി. ഉപഭോക്താക്കളുടെ ഉപഭോഗം കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിൽ സാങ്കൽപ്പികമായി നിശ്ചയിച്ചതാണ്. യഥാർത്ഥ എൽ.റ്റി. ഉപഭോഗം എത്രയെന്നുള്ള കണക്ക് ലഭ്യമായിരുന്നില്ല. മേൽ പ്രകാരം പ്രസരണ വിതരണ നഷ്ടം കണക്കാക്കുന്നത് ശരിയല്ലെന്ന് 31-3-1998-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സംബന്ധിച്ച റിപ്പോർട്ടിൽ സി.എ.ജി.-യും 1-7-2002-ലെ പബ്ലിക് അണ്ടർ ടേക്കിംഗ് റിപ്പോർട്ടിലും ചൂണ്ടിക്കാണിച്ചിരുന്നു. ഇപ്പോൾ യഥാർത്ഥ കണക്കുകൾ അനുസരിച്ചാണ് പ്രസരണ വിതരണ നഷ്ടം കണക്കാക്കുന്നത്. അതു പ്രകാരമുള്ള 2001-2002, 2002-2003-ലെ പ്രസരണ നഷ്ടം ചുവടെ ചേർക്കുന്നു.

2001-2002	2002-2003
7.64%	6.23%

കാറ്റിൽ നിന്നും വൈദ്യുതി

4 (4612) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും ഏജൻസികളുമായി ഗവൺമെന്റ് ചർച്ചകൾ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly